നമ്പർ എച്ച്2/21500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 20.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - തസ്തിക നിർണയം 2018-19 - അധിക തസ്തികകളുടെയും മറ്റും വിവരശേഖരണം സംബന്ധിച്ച്

സൂചന : ഈ ഓഫീസിൽ നിന്നുള്ള 16.06.2018 ലെ ഇതേ നമ്പർ പരിപത്രം

തസ്തികനിർണയം സംബന്ധിച്ച ചില സുപ്രധാന വിവരങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കത്ത്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതീവ ജാഗ്രതയോടെ പൂരിപ്പിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് എത്തിക്കേണ്ട 10 പ്രൊഫോർമകൾ ഇതോടൊപ്പമുള്ള എക്സൽ ഷീറ്റിലുണ്ട്. **ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവ തെറ്റ് കൂടാതെ പൂരിപ്പിച്ച് 25.07.2018 നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് എത്തിക്കണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവ അതേ ഫോർമാറ്റിൽ തന്നെ ക്രോഡീകരിച്ച് നിർദിഷ്ട കളക്ഷൻ സെന്ററുകളിൽ 28.07.2018 രാവിലെ 11 മണിക്ക് എത്തിക്കണം**. ഈ പ്രവർത്തനത്തിന് ആവശ്യത്തിലേറെ സമയം നൽകിയിട്ടുള്ളതിനാൽ യാതൊരുവിധ തെറ്റുകളും വരുത്താതെ വിവരങ്ങൾ ലഭ്യമാക്കുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. Proforma I - സർക്കാർ സ്കൂളിലെ 2018-19 വർഷത്തെ അധിക തസ്തികകളുടെ വിവരം രേഖപ്പെടുത്താൻ
2. Proforma II - എയ്ഡഡ് സ്കൂളിലെ 2016-17 വർഷത്തെ അധിക തസ്തികകളുടെ വിവരം രേഖപ്പെടുത്താൻ
   (ഇതിലെ അവസാനത്തെ 3 കോളങ്ങൾ പ്രത്യേക ശ്രദ്ധ നൽകി പൂരിപ്പിക്കുക.)
3. Proforma III - എയ്ഡഡ് സ്കൂളുകളിലെ 2017-18 വർഷത്തെ അധിക തസ്തികകളുടെ വിവരം രേഖപ്പെടുത്താൻ
   (ഇതിൽ 2017-18 ൽ പുതുതായി ഉണ്ടായ അധിക തസ്തികകളുടെ വിവരമാണ് രേഖപ്പെടുത്തേണ്ടത്. 2016-17 ലെ അധിക തസ്തികകളുടെ തുടർച്ച ഇതിൽ രേഖപ്പെടുത്തരുത്.)
   (ഇതിലെ അവസാനത്തെ 3 കോളങ്ങൾ പ്രത്യേക ശ്രദ്ധ നൽകി പൂരിപ്പിക്കുക.)

4. Proforma IV - എയ്ഡഡ് സ്കൂളുകളിലെ 2018-19 വർഷത്തെ അധിക തസ്തികകളുടെ വിവരം രേഖപ്പെടുത്താൻ
(ഇതിൽ 2018-19 ൽ പുതുതായി ഉണ്ടായ അധിക തസ്തികകളുടെ വിവരമാണ് രേഖപ്പെടുത്തേണ്ടത്. 2016-17, 2017-18 വർഷങ്ങളിലെ അധിക തസ്തികകളുടെ തുടർച്ച ഇതിൽ രേഖപ്പെടുത്തരുത്.)
(ഇതിലെ അവസാനത്തെ 3 കോളങ്ങൾ പ്രത്യേക ശ്രദ്ധ നൽകി പൂരിപ്പി ക്കുക.)
5. Proforma V - സർക്കാർ സ്കൂളിൽ 2018-19 വർഷം 1:40 തസ്തികകൾ അനുവദിച്ചതിന്റെ വിവരം രേഖപ്പെടു ത്താൻ
6. Proforma VI - എയ്ഡഡ് സ്കൂളിൽ 2018-19 വർഷം 1:40 അനുപാതത്തിൽ തസ്തികകൾ അനുവദിച്ചതിന്റെ വിവരം രേഖപ്പെടുത്താൻ
7. Proforma VII - ഗവൺമെന്റ് സ്കൂളിൽ 2018-19 വർഷം കുറവു വന്ന തസ്തികകളെ സംബ ന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താൻ
8. Proforma VIII - എയ്ഡഡ് സ്കൂളിൽ 2018-19 വർഷം കുറവു വന്ന തസ്തികകളെ സംബ ന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താൻ
9. Proforma IX - 2011-12 മുതൽ അധിക തസ്തികകളിൽ നിയമനാംഗീകാരം നേടിയവർക്ക് സംരക്ഷണത്തിന് അർഹതയില്ല. 2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ പ്രവേശിച്ച് നിയമനാംഗീകാരം ലഭിക്കുകയും പിന്നീട് 2012-13 മുതൽ 2017-18 വരെ തസ്തിക നഷ്ടം വന്ന് പുറത്താവുകയും ചെയ്തവരുടെ എണ്ണം രേഖപ്പെടുത്തുന്നതിനുള്ള ഫോറമാണിത്.
10. Proforma X - 2014-15 വരെ റഗുലർ സർവീസിൽ (അധിക തസ്തിക ഒഴികെ) പ്രവേശിച്ച വർക്കാണ് ഇപ്പോൾ സംരക്ഷണത്തിന് അർഹതയുള്ളത്. 2015-16 മുതൽ റഗുലർ സർവീസിൽ (അധിക തസ്തിക ഉൾപ്പെടെ) പ്രവേശിച്ച് 2016-17 മുതൽ തസ്തികനഷ്ടം വന്ന് പുറത്തായവരുടെ എണ്ണം രേഖപ്പെടുത്താനുള്ള ഫോറമാണിത്. (2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമനാംഗീകാരം നേടിയവരിൽ 2016-17 മുതൽ പുറത്താകുന്നവരുടെ എണ്ണം ഇതിൽ ഉൾപ്പെടുത്തരുത്. അത് പ്രൊഫോർമ IX ൽ രേഖപ്പെടുത്തി യിട്ടുണ്ടല്ലോ.)
11. നൽകിയിരിക്കുന്ന എക്സൽ ഫോർമാറ്റിൽ യാതൊരുവിധ മാറ്റങ്ങളും വരുത്താതെ വേണം ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഫോറങ്ങളിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഏതെങ്കിലും ഫോറത്തിൽ വിവരങ്ങൾ ഒന്നും രേഖപ്പെടുത്താനില്ലെങ്കിൽ NIL രേഖപ്പെടുത്തി സമർപ്പിക്കണം. **പൂരിപ്പിച്ച എക്സൽ ഷീറ്റുകൾ തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയക്കണം (പി.ഡി.എഫ് രൂപം അയക്കരുത്). എങ്കിൽ മാത്രമേ അവിടെ ക്രോഡീകരണം എളുപ്പമാകൂ. ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പൂരിപ്പിച്ച ഫോറങ്ങൾ യാതൊരു കാരണവശാലും ഡയറക്ടറേറ്റിലേക്ക് അയക്കരുത്**.
12. ഓരോ പ്രൊഫോർമയിലെയും വിവരങ്ങളുടെ റവന്യൂ ജില്ലാതല ക്രോഡീകരണം വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തേണ്ടത് **പ്രസ്തുത പ്രൊഫോർമയുടെ ഫോർമാറ്റിൽ തന്നെയാണ്. അതിനു മാറ്റമൊന്നും വരുത്തരുത്**.

**<u>ക്രോഡീകരിച്ച 10 പ്രൊഫോർമകളും പ്രിന്റൗട്ട് എടുത്ത് മടക്കാതെ വലിയ കവറിലിട്ട് താഴെപറയുന്ന കളക്ഷൻ സെന്ററുകളിൽ 28.07.2018 ന് രാവിലെ 11 മണിക്ക് എത്തിക്കുക</u>.**

| ജില്ല | കളക്ഷൻ സെന്റർ |
|---|---|
| തിരുവനന്തപുരം, കൊല്ലം | ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷൻ |
| ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി | കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് |
| എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം | തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് | കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് |

നിർദിഷ്ട കളക്ഷൻ സെന്റർ അല്ലാതെ മറ്റേതെങ്കിലും സെന്ററാണ് സൗകര്യപ്രദമെങ്കിൽ ജില്ലകൾക്ക് അവ തിരഞ്ഞെടുക്കാവുന്നതാണ്. വിവരം മുൻകൂട്ടി 'എച്ച്' സെക്ഷനിൽ അറിയിക്കുക (0471-2580515).

13. **<u>ക്രോഡീകരിച്ച 10 എക്സൽ ഷീറ്റുകളും (പി.ഡി.എഫ് രൂപം അയക്കരുത്) ഒരു ഫോൾഡറിലാക്കി Zip ചെയ്ത് 28.07.2018 ന് രാവിലെ 10 മണിക്കും 11 മണിക്കും ഇടയ്ക്ക് hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കണം</u>.** (ഫയൽ കോപ്പിയെടുത്ത് സൂക്ഷിച്ചതിനുശേഷം മാത്രമേ Zip ചെയ്യാവൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക).

**30.07.2018 ന് രാവിലെ സർക്കാരിനു സമർപ്പിക്കേണ്ട വിവരങ്ങൾ ആയതിനാൽ ഇക്കാര്യത്തിന് അടിയന്തര പരിഗണന നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.**

തസ്തിക നഷ്ടമാകുന്ന അനധ്യാപകരെ നിലനിർത്താൻ സർക്കാർ പുതുക്കിയ മാനദണ്ഡം പ്രസിദ്ധീകരിച്ചതിനാൽ അത്തരത്തിൽ മാതൃവിദ്യാലയത്തിൽ നിലനിർത്തുന്ന/ തിരികെ വിളിക്കുന്ന അനധ്യാപകരെ കൂടി അധ്യാപക ബാങ്കിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ട്. ഈ ജോലികൾ കൂടി നിർവഹിക്കുന്നതിനായി **<u>അധ്യാപക ബാങ്ക് 25.07.2018 വരെ സൈറ്റിൽ നിന്നു പിൻവലിക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു</u>.**

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)**

പകർപ്പ് :

എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)